# പട്ടികജാതി-പട്ടികവർഗ്ഗ ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിയുടെ യോഗം നടത്തുന്നു

എറണാകുളം റൂറൽ ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കേസ്സുകളും, പരാതികളും സംബന്ധിച്ച അവലോകനത്തിനും ത്വരിതനടപടികൾക്കുമായി ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐ.പി.എസ് നേതൃത്വം നൽകുന്നു.

ഇതിനായി ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരും, പട്ടികജാതി-പട്ടികവർഗ്ഗ പ്രതിനിധികളും ഉൾപ്പെടുന്ന ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിയുടെ യോഗം **25.03.2017 തീയ്യതി രാവിലെ 11.30 മണിക്ക്** ജില്ലാ പോലീസ് ഓഫീസ് കോൺഫറൻസ് ഹാളിൽ വച്ച് ജില്ലാ പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ നടത്തുവാൻ തീരുമാനിച്ചു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രതിനിധികൾക്ക് ജില്ലാ പോലീസിൻെറ സേവനങ്ങളെ കുറിച്ച് പരാതികളോ, നിർദ്ദേശങ്ങളോ അറിയിക്കുവാനുണ്ടെങ്കിൽ ആയതിന് ഈ അവസരം വിനിയോഗിക്കാവുന്നതാണെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു.